# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 353 28.10.2019 - ൽ മറുപടിക്ക്.

## ദേശീയ ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ഡി. സതീശൻ :** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം നിലവിൽ പര്യാപ്തമാണോയെന്നറിയിക്കുമോ; | **(എ)** | എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യ വിഹിതം പരിമിതമാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 5 കി.ഗ്രാം ഭക്ഷ്യധാന്യം ഒരാളിന് എന്നാണ് നിയമപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിലെ 2,00,98,624 ആളുകൾക്ക് 5 കി.ഗ്രാം വീതം ആവശ്യമായ 100493 മെ.ടൺ ഭക്ഷ്യധാന്യത്തിൽ ആവശ്യകതയുടെ 1/3 ആയ 33294.198 മെ.ടൺ ഭക്ഷ്യധാന്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| **(ബി)** പ്രസ്തുത വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘം ഡൽഹിയിൽ പോയിരുന്നുവോ; എങ്കിൽ വിശദമാക്കാമോ; | **(ബി)** യും **(സി)** യും | 2018 മേയ് 15-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. |
| **(സി)** പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ